Government of Kerala
1983

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday, 20th April 1983 / 30th Chaithra 1905 [No. 451

കേരള സർക്കാർ

ധനകാര്യ വകുപ്പ്

വിജ്ഞാപനം

നമ്പർ: 175/എസ്‌റ്റാ. സി. 5/82/ധന.

തിരുവനന്തപുരം, 1983 ഏപ്രിൽ 19.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം ആസ്ഥാനമാക്കി പുതിയ ഒരു സബ് ട്രഷറി, ഈ വിജ്ഞാപനം ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി പതിനഞ്ചു ദിവസത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രവർത്തിച്ചുതുടങ്ങുന്നതാണ്.

2. താഴെ പറയുന്ന പഞ്ചായത്തുകൾ ഈ ട്രഷറിയുടെ അധികാരപരിധിയിൽ വരുന്നതാണ്:—

1. മുണ്ടക്കയം
2. പാറത്തോട്
3. കൂട്ടിക്കൽ
4. എരുമേലി

3. ഈ ട്രഷറിയിലെ സർക്കാർ പണമിടപാടുകൾ മുണ്ടക്കയം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുഖേന നടത്തുന്നതാണ്. സ്ട്രോംഗ് റൂം

സംവിധാനം ഉണ്ടാകുന്നതുവരെ ഈ ട്രഷറിയിൽനിന്നും നേരിട്ട് പെൻഷൻ വിതരണം നടത്തുന്നതിനോ, സേവിംഗ്സ് ബാങ്ക് ഇടപാടുകഠം നടത്തുന്നതിനോ, വിവിധ ആഫീസുകളിലെ വിലപിടിപ്പുള്ള സാധനങ്ങഠം സൂക്ഷിക്കുന്നതിനോ, മുദ്രപ്പത്രങ്ങഠം, കറുപ്പ്, ഗഞ്ചാ ഇവ നൽകുന്നതിനോ ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതല്ല. ഇത്തരം കാര്യങ്ങഠംക്ക ഈ ട്രഷറിയുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളും പൊതുജനങ്ങളും ഇപ്പോഠം ഇടപാടുകഠം നടത്തിക്കൊണ്ടിരിക്കുന്ന ട്രഷറികളെ തുടർന്നും സമീപിക്കേണ്ടതാണ്. എന്നാൽ രണ്ടാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന പ്രദേശാതിർത്തിക്കുള്ളിൽ നേരിട്ടുള്ള പെൻഷനും, സേവിംഗ്സ് ബാങ്കും ഒഴികെ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള പണം ബന്ധപ്പെട്ട മേലധികാരികളുടെ പ്രത്യേകാനുമതി കൂടാതെ മുണ്ടക്കയം ട്രഷറിയിൽ കൂടിയല്ലാതെ മറ്റൊരു ട്രഷറിയിൽനിന്നും നൽകുന്നതല്ല.

4. ഈ മേഖലയിലെ പേഴ്സണൽ ഡിപ്പോസിററ്, ലോക്കൽ ഫണ്ട് ഡിപ്പോസിററ്, ജുഡീഷ്യൽ ഡിപ്പോസിററ് മുതലായ അക്കൗണ്ടുകഠം അതാത് അഡ്മിനിസ്ട്രേററർമാർക്ക് ഇപ്പോഠം ഇടപാടുകഠം നടത്തിവരുന്ന ട്രഷറികളുമായി തുടർന്നു നടത്താവുന്നതും അക്കൗണ്ടൻറ് ജനറലിൻെറ അനുമതി ലഭിക്കുന്ന മുറയ്ക്ക് മുണ്ടക്കയം ട്രഷറിയിലേക്ക് മാററാവുന്നതുമാണ്. ഈ പ്രദേശങ്ങളിലെ മണിയാർഡർ പെൻഷൻ മുണ്ടക്കയം സബ്ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതി മുതൽ തന്നെ അവിടേക്ക് മാററപ്പെടുന്നതാണ്.

5. മുണ്ടക്കയം സബ് ട്രഷറിയുടെ അധികാര പരിധിയിൽപ്പെടാത്ത സ്ഥാപനങ്ങഠംക്ക് ഈ ട്രഷറിയുമായി ഇടപാടു നടത്തണമെന്നുണ്ടെങ്കിൽ അതിന് സർക്കാരിൽ നിന്നോ, സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽനിന്നോ പ്രത്യേകാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ആജ്ഞാനുസരണം,

ഡി. ബാബു പോഠം,

ധനകാര്യ സെക്രട്ടറി.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1983.

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday, 20th April 1983 / 30th Chaithra 1905 [No. 450

GOVERNMENT OF KERALA

Home (SS.A) Department

NOTIFICATION

No. 23859/SSA1/83/Home. *Dated, Trivandrum, 20th April,* 1983.

S. R. O. No. 475/83.—Whereas the District Magistrate, Alleppey has made an order as per proceedings No. P7-21991/81 dated the 21st October, 1982, under sub-section (1) of section 21A of the Kerala Police Act, 1960 (5 of 1961), prohibiting the holding of or taking part in any mass drill or mass training with arms or the carrying of arms in any procession in the entire Alleppey District;

And whereas the said order subsequently extended by Government by Notification No. 3302/SSA1/83/Home dated the 20th January, 1983 published as S. R. O. No. 63/83 in the Kerala Gazette Extraordinary No. 69 dated the 20th January, 1983 is due to expire on the 20th April, 1983;

And whereas the Government of Kerala consider that for the preservation of public peace or public safety or for the maintenance of public order, it is necessary that the said order shall continue to remain in force;

Now, therefore, in exercise of the powers conferred by the proviso to sub section (2) of section 21A of the Kerala Police Act, 1960 (5 of 1961), the Government of Kerala hereby direct that the said order shall remain in force for a further period of three months with effect from 20th April, 1983.

By order of the Governor,

N. KALEESWARAN,
Special Secretary to Government.

33/1571/MC

Explanatory Note

(This note does not form part of this notification, but it is intended to indicate its general purport.)

The District Collector, Alleppey has reported to Government that the rivalry between the followers of CPI (M) and RSS still exists in Alleppey District and that it is highly necessary to prevent them from mass drill and training with arms to keep the public tranquility in that District and has hence requested to extend further the period of prohibitory order for three months. This notification is intended to achieve the above object.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS.

Government of Kerala
1983

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday 20th April 1983 / 30th Chaithra 1905 (Saka) [No. 449

GOVERNMENT OF KERALA

Transport, Fisheries and Ports (Transport-B) Department

NOTIFICATION

No 6975/TB2/83/TF&P. *Dated, Trivandrum, 19th April 1983.*

S. R. O. No. 474/83.—Whereas in exercise of the powers conferred by clause (1) of article 258 of the Constitution of India, the President has in Notification No. 2/4/63/ Judl. II dated 31-5-1963 entrusted the Government of Kerala with their consent, the functions of the Central Government under the Kerala Land Acquisition Act, 1961 (21 of 1962), in relation to the acquisition of lands for the purpose of the Union in the State of Kerala;

And whereas, it appears to the Government of Kerala that the lands specified in the schedule below are needed or are likely to be needed for a public purpose, to wit for the construction of Civil Aerodrome at Kozhikode;

Now, therefore, notice to that effect is hereby given to all whom it may concern, in accordance with the provisions of subsection (1) of section 3 of the said Act;

Under subsection (4) of section 19 of the said Act, the Government direct that in view of the urgency of the case, the provisions of section 5 of the Act shall not apply to this case.

33/1569/83/J

Schedule

District—Malappuram

Taluk—Eranad *Village*—Kondotty & Pallikkal

(The extent given is approximate)

Sl. No.	*Sy. No.*	*Classification*	*Extent in Hectare*
Kondotty Village			
1	381/1B Part	U.D.	0.0980
2	382/1A Part	U.D.	0.7560
3	382/2A Part	Garden	0.9530
4	383/2B Part	Garden	0.0040
5	390/1A Part	O.D.	0.3000
6	390/2A Part	O.D.	0.3000
7	390/3A Part	O.D.	0.2500
8	390/5 Part	O.D.	0.0500
9	389/1 Part	Garden	1.3200
10	391/1 Part	Garden	3.0860
11	393/9 Part	Garden	0.9650
		Pallikkal Village	
(Karippoor Amsom)			
12	164/3A Part	U.D.	0.3290
13	185/2 Part	O.D.	0.4800
14	184/3B Part	U.D.	0.3000
15	246/1B Part	O.D.	0.6400
16.	246/3B Part	Garden	0.0040
17	246/2 Part	Garden	0.7800
		Total	10.6150

Explanatory Note

(This is not part of the notification, but is intended to bring out the general purport.)

The President of India has in Notification No. 2/4/63/Judl. II dated 31-5-1963 entrusted the Government of Kerala with their consent the powers to acquire land for the use of Central Government in the State and it appears to the State Government that the lands mentioned in the schedule above are needed for a public purpose viz. for the construction of Kozhikode Civil Aerodrome.

This notification is intended for the above purpose.

എസ്. ആർ. ഒ. നമ്പർ 474/83.—ഇൻഡ്യൻ ഭരണഘടനയുടെ 258-ാം അനുച്ഛേദം (1)-ാം ഖണ്ഡം മൂലം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രാഷ്ട്രപതി 31-5-1963-ലെ 2/4/63 ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം കേരള സംസ്ഥാനത്ത് യൂണിയന്റെ ആവശ്യത്തിനായി ഭൂമി

വിലയ്ക്കെടുക്കുന്നതുസംബന്ധിച്ച് 1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21) പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ ചുമതലകൾ കേരള സർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേല്പിച്ചിരിക്കുന്നതിനാലും;

താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി ഒരു പൊതുക്കാര്യത്തിന് അതായത് കോഴിക്കോട് സിവിൽ വിമാനത്താവളം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് തോന്നുന്നതിനാലും;

ഇപ്പോൾ, അതിനാൽ, അതുസംബന്ധിച്ച നോട്ടീസ് ബന്ധപ്പെട്ട എല്ലാ പേർക്കും പ്രസ്തുത ആക്ട് 3-ാംവകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഇതിനാൽ നൽകുന്നു;

പ്രസ്തുത ആക്ട് 19-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം സംഗതിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് പ്രസ്തുത ആക്ട് 5-ാം വകുപ്പിലെ വ്യവസ്ഥകൾ ഈ സംഗതിക്ക് ബാധകമാകുന്നതല്ലെന്ന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്യുന്നു.

പട്ടിക

ജില്ല—മലപ്പുറം

താലൂക്ക്—ഏറനാട്   വില്ലേജ്—കൊണ്ടോട്ടിയും പള്ളിക്കലും

(ഏകദേശവിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

ക്രമനമ്പർ	സർവ്വേ നമ്പർ	വിവരണം	വിസ്തീർണ്ണം ഹെക്ടറിൽ
	കൊണ്ടോട്ടി വില്ലേജ്		
1	381/1 ബി ഭാഗം	യു. ഡി.	0.0930
2	382/1 എ ഭാഗം	,,	0.7560
3	382/2 എ ഭാഗം	തോട്ടം	0.9330
4	383/2 ബി ഭാഗം	,,	0.0040
5	390/1 എ ഭാഗം	ഒ. ഡി.	0.3000
6	390/2 എ ഭാഗം	,,	0.3000
7	390/3 എ ഭാഗം	,,	0.2500
8	390/5 ഭാഗം	,,	0.0500
9	389/1 ഭാഗം	തോട്ടം	1.3200
10	391/1 ഭാഗം	,,	3.0860
11	393/9 ഭാഗം	,,	0.9650
	പള്ളിക്കൽ വില്ലേജ് (കരിപ്പൂർ അംശം)		
12	164/3 എ ഭാഗം	യു. ഡി.	0.3290
13	185/2 ഭാഗം	ഒ. ഡി.	0.4800
14	184/3 ബി ഭാഗം	യു. ഡി.	0.3000
15	246/1 ബി ഭാഗം	ഒ. ഡി.	0.6400
16	246/3 ബി ഭാഗം	തോട്ടം	0.0040
17	246/2 ഭാഗം	തോട്ടം	0.7800
		ആകെ	10.6150

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

ഇൻഡ്യൻ രാഷ്ട്രപതി 1963 മേയ് മാസം 31-ാം തീയതിയിലെ 2/4/63 ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം ഈ സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ ഉപയോഗത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നതിനുള്ള അധികാരം കേരളസർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിട്ടുള്ളതും മുകളിൽ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കോഴിക്കോടു സിവിൽ വിമാനത്താവളം നിർമ്മിക്കുന്നതിന് ആവശ്യമാണെന്ന് സംസ്ഥാന സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതും ആകുന്നു

മേൽപ്പറഞ്ഞ ഉദ്ദേശം നിറവേററുന്നതിനു വേണ്ടിയുള്ളതാണ്. ഈ വിജ്ഞാപനം.

By order of the Governor,

K. KARUNAKARAN,
Additional Secretary to Government.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1983.